**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1188** **15-10-2026-ൽ മറുപടിയ്ക്ക്**

**ഫ്രീഡം ക്വിസ് 2026**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. എ. പ്രഭാകരൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. കാരായി രാജൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. ഷംസുദ്ദീൻ

(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** കാസർഗോഡ് ജില്ലയിലെ കുമ്പള-മഞ്ചേശ്വരം ഉപജില്ലകളിൽ നടത്തിയ ഫ്രീഡം ക്വിസ് 2026-ൽ വി.ഡി. സവർക്കറെ സംബന്ധിച്ച ചോദ്യം വിവാദമായതിനാൽ ആയത് തയ്യാറാക്കിയ അധ്യാപകനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അധ്യാപകന്റെ പേര്, തസ്തിക, സ്കൂൾ, സ്വീകരിച്ച നടപടി എന്നിവ വ്യക്തമാക്കുമോ;

**മറുപടി:** ഉണ്ട്. കാസർഗോഡ്, പള്ളത്തടുക്ക എ.യു.പി.എസ് ലെ യു.പി.എസ്.ടി ശ്രീ ഗുരുപ്രസാദ് റായ് കെ - യെ കാസർ ഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടർ വേലവിലക്ക് ഏർപ്പെടുത്തിയിരുന്നു.

**(ബി)** പ്രസ്തുത അധ്യാപകനെ 2026 ഓഗസ്റ്റ് 9-ന് സസ്പെൻഡ് ചെയ്തിരുന്നോയെന്നും പിന്നീട് ഹൈക്കോടതി സസ്പെൻഷൻ സ്റ്റേ ചെയ്തിട്ടുണ്ടോയെന്നും നിലവിൽ അദ്ദേഹം സർവീസിൽ തുടരുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

**മറുപടി:** 2026 ഓഗസ്റ്റ് 9-ന് സസ്പെൻഡ് ചെയ്തെങ്കിലും ടി നടപടി ഹൈക്കോടതി സ്റ്റേ ചെയ്യുകയും തുടർന്ന് ഹൈക്കോടതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ സ്കൂൾ മാനേജർ ടിയാനെ സേവനത്തിൽ തിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട് .

**(സി)** ഈ വിഷയത്തിൽ വകുപ്പുതല അന്വേഷണം ഇപ്പോഴും തുടരുന്നുണ്ടോയെന്നും എങ്കിൽ അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ;

**മറുപടി:** വകുപ്പ് തല അന്വേഷണം തുടരുന്നുണ്ട് . വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കാഞ്ഞങ്ങാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ നടപടികൾ പൂർത്തിയായിട്ടില്ല.

**(ഡി)** ചോദ്യാവലി തയ്യാറാക്കുന്നതിൽ മറ്റ് അധ്യാപകർ പങ്കെടുത്തതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വകുപ്പ് തല അന്വേഷണം തുടരുന്നുണ്ട് . വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കാഞ്ഞങ്ങാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ നടപടികൾ പൂർത്തിയായിട്ടില്ല.

**(ഇ)** പ്രസ്തുത ചോദ്യാവലി എ.ഇ.ഒ. ഓഫീസ് വഴി സ്കൂളുകളിലേക്ക് കൈമാറപ്പെട്ട സാഹചര്യം അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** വകുപ്പ് തല അന്വേഷണം തുടരുന്നുണ്ട് . വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കാഞ്ഞങ്ങാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ നടപടികൾ പൂർത്തിയായിട്ടില്ല.

**(എഫ്)** അന്വേഷണം പൂർത്തിയാക്കാൻ നിശ്ചയിച്ച സമയപരിധി എത്രയാണെന്നും അന്തിമ വകുപ്പ് നടപടി എപ്പോൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

**<u>മറുപടി:</u>** സമയ പരിധി നിശ്ചയിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**